പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2162 07.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ ഓൺലൈൻ ടിക്കറ്റ് റിസർവ്വ്

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓൺ ലൈൻ മുഖേന ടിക്കറ്റ് റിസർവ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ്സൈറ്റ് മുഖേന ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയും ടിക്കറ്റ് മുൻകൂർ റിസർവ്വ് ചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് Mobile Android Application ഉപയോഗിച്ച് ഓൺ ലൈൻ ടിക്കറ്റുകൾ റിസർവ്വ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. |
| (ബി) | ഏതെല്ലാം റൂട്ടുകളിലാണ് ഈ സൗകര്യം ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ എല്ലാ വോൾവോ, സൂപ്പർ ഡീലക്സ്, സിൽവർ ലൈൻ ജെറ്റ് തുടങ്ങിയ സൂപ്പർ ക്ലാസ് സർവ്വീസുകൾക്കും മുൻകൂർ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുത്ത ദീർഘദൂര സൂപ്പർ എക്സ്പ്രസ് സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി സർവ്വീസുകൾക്ക് നിലവിൽ ടിക്കറ്റുകൾ മുൻകൂർ റിസർവ്വ് ചെയ്യാൻ സാധിക്കും. ആകെ 325 സർവ്വീസുകൾക്ക് നിലവിൽ മുൻകൂർ ടിക്കറ്റ് റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബസ്സുകളുടെ വിശദാംശങ്ങൾ മൊബൈൽ ഫോൺ വഴി ലഭ്യമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | നിലവിൽ യാത്രക്കാർ ഓൺലൈൻ മുഖേന ടിക്കറ്റ് റിസർവ്വ് ചെയ്യുമ്പോൾതന്നെ അവരുടെ മൊബൈലിൽ എസ്.എം.എസ് മുഖേന ടിക്കറ്റ് ലഭ്യമാക്കുന്നുണ്ട് (എം-ടിക്കറ്റ്). പ്രസ്തുത ടിക്കറ്റ് ഉപയോഗിച്ച് ബസിൽ യാത്ര ചെയ്യാവുന്നതാണ്. കൂടാതെ ബസ് പുറപ്പെടുന്നതിന് മുമ്പായി കണ്ടക്ടർ റിസർവേഷൻ ചാർട്ട് തയ്യാറാക്കുന്ന വേളയിൽ സർവ്വീസ് നടത്തുന്ന ബസിന്റെ നമ്പർ, ഔദ്യോഗികമായി മൊബൈൽ ഫോൺ അനുവദിച്ചിട്ടുള്ള ബസുകൾക്ക് പ്രസ്തുത മൊബൈൽ നമ്പർ, ബാക്കിയുള്ള ബസുകൾക്ക് ബസ് പുറപ്പെടുന്ന യൂണിറ്റിലെ ടെലിഫോൺ നമ്പർ എന്നിവയും എസ്.എം.എസ് മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് Mobile Android Application ഉപയോഗിച്ച് ഓൺലൈൻ ടിക്കറ്റുകൾ റിസർവ്വ് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ